K21U 3424

Reg. No.: ..............................

Name : ..................................

# II Semester B.A. Degree (CBCSS-OBE – Reg./Sup./Imp.) Examination, April 2021
## (2019 Admission Onwards)
## CORE COURSE IN MALAYALAM
## 2B 02 MAL : ചെറുകഥാസാഹിത്യം

Time : 3 Hours Max. Marks : 40

**300** വാക്കിൽ കവിയാതെ **2** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **7** മാർക്ക് വീതം.

1. നവോത്ഥാന മലയാള ചെറുകഥകളുടെ പൊതുസവിശേഷതകൾ യാത്രാവസാനം, ഗോപാലൻ നായരുടെ താടി, മോഡൽ എന്നീ കഥകളെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

2. ''ക്രിസ്തുമതത്തിലെ പൗരോഹിത്യത്തിനും അനാചാരങ്ങൾക്കുമെതിരായ നിശിത വിമർശനമാണ് സക്കറിയയുടെ കഥകൾ''. കണ്ണാടി കാൺമോളവും എന്ന കഥയെ മുൻനിർത്തി ഉപന്യസിക്കുക.

3. ആദ്യകാല മലയാള ചെറുകഥകളുടെ അപസർപ്പക സ്വഭാവം ഉദാഹരണസഹിതം വിവരിക്കുക.

4. 'ഒരാൾക്ക് എത്ര മണ്ണ് വേണം' എന്ന കഥയുടെ കാലിക രാഷ്ട്രീയമൂല്യം വിശദമാക്കുക.

**150** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **3** മാർക്ക് വീതം.

5. 'അതെ ഞാൻ തന്നെയാണ് എന്റെ ഷർട്ടിന്റെ മാതൃക നിശ്ചയിക്കുന്നത്.' – ഈ വാക്യത്തിന്റെ രാഷ്ട്രീയ-സാമൂഹികമാനങ്ങൾ വിശദമാക്കുക.

6. നമ്പൂതിരിസ്ത്രീയുടെ ജീവിതത്തിലേക്കുതന്നെയുള്ള യാത്രയാണ് ശ്രീദേവിയുടെ തീവണ്ടിയാത്ര – വിലയിരുത്തുക.

7. താടിയും മീശയും വടിക്കണമെന്ന് യേശുവിന് തോന്നാൻ കാരണമെന്ത് ?

8. ശേഖരക്കുറുപ്പിന്റെ നിരപരാധിത്വം തെളിഞ്ഞത് എങ്ങനെ ?

9. 'എന്റെ ആദ്യയാത്ര' എന്ന കഥയിൽ ഗൺസാൽവസ്, പോതോ എന്നീ കഥാപാത്രങ്ങൾക്കുള്ള പ്രസക്തി.

10. 'തൊട്ടപ്പൻ' എന്ന കഥയിലെ ഭാഷയുടെ വ്യതിരിക്തത വിശദമാക്കുക.

**100** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2** മാർക്ക് വീതം.

11. 'നാട്ടിൻപുറത്തിന്റെ അസ്തമിക്കാത്ത മനുഷ്യത്വത്തിന്റെ പ്രതീകമാണ് വണ്ടിക്കാരൻ ചാത്തു'. പരിശോധിക്കുക.

12. കണ്ണാടി നോക്കുന്നതിൽനിന്ന് യേശുവിനെ പിന്തിരിപ്പിക്കുന്നതെന്ത് ?

13. അൽവാരീസിനെക്കുറിച്ചുള്ള ഭാര്യയുടെ അഭിപ്രായം എന്തായിരുന്നു ?

14. 'അവർ യമദൂതന്മാരാണെന്നും ഞാൻ വായുവും ആകാശവും ഇല്ലാത്ത ഏതോ ഇതരലോകത്തിലേക്ക് ഗമിയ്ക്കുകയാണെന്നുമായിരുന്നു ഭ്രമിച്ചത്' ഇങ്ങനെ കരുതാനിടയായ സാഹചര്യം എന്ത് ?

15. 'നിന്റെ പ്രായത്തിൽ ഞാൻ കൊറേ നാണിച്ചതുകൊണ്ടാ മര്യാദക്ക് പഠിക്കാൻ പോലും പറ്റാഞ്ഞത് '. ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

16. 'നമ്മളാടാ ഒറിജിനൽ കടന്നല്'. ഈ പ്രസ്താവനയുടെ സാംഗത്യം വിശദമാക്കുക.

**4** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **1½** മാർക്ക് വീതം.

17. 'എന്നാലും നാരായണൻ നമ്പ്യാരെപ്പോലുള്ള കള്ളന്മാരെ കണ്ടുപിടിച്ചു ശിക്ഷിക്കാൻ നിയമത്തിനു സാധിക്കാത്തതു വലിയ കഷ്ടം !'. ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

18. വി. കെ. എൻ. കഥകളുടെ പൊതുവായ സവിശേഷതകൾ എന്തെല്ലാം ?

19. വാസനാവികൃതി– ലഘുകുറിപ്പ് തയ്യാറാക്കുക.

20. കെ. വി. സുധാകരൻ – കുറിപ്പെഴുതുക.

21. കുഞ്ഞിക്കോരുമാസ്റ്ററുടെ മൃതദേഹം എവിടെയാണ് അടക്കം ചെയ്തത് ?

22. 'തന്റെ മകന് തന്നെ ആവശ്യമില്ലാതായിരിക്കുന്നു' എന്ന് നിർമ്മലയ്ക്ക് ബോധ്യപ്പെട്ടതെപ്പോൾ ?

(4)

K22U 1225

Reg. No. : ...............................

Name : ...................................

**II Semester B.A. Degree (C.B.C.S.S. – O.B.E. – Regular/Supplementary/ Improvement) Examination, April 2022**
**(2019 Admission Onwards)**
**CORE COURSE IN MALAYALAM**
**2B02 MAL : ചെറുകഥാസാഹിത്യം**

Time : 3 Hours  Max. Marks : 40

**300** വാക്കിൽ കവിയാതെ **2** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **7** മാർക്ക് വീതം.

1. ഭാഷയിലും ആവിഷ്കരണത്തിലും ആദ്യകാല മലയാള കഥകൾ പ്രകടമാക്കിയ സവിശേഷതകൾ വിശദമാക്കുക.

2. അന്യവൽക്കരണവും, ഗൃഹാതുരത്വവുമാണ് പത്മനാഭൻ കഥകളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ – 'നളിനകാന്തി'യെ അടിസ്ഥാനമാക്കി പരിശോധിക്കുക.

3. മന:പോരാട്ടങ്ങളും, അഭിനയങ്ങളുമാണ് കുടുംബ ജീവിതത്തിൽ മുന്നിട്ടു നിൽക്കുന്ന യഥാർത്ഥ്യങ്ങൾ – 'വാരാന്ത്യങ്ങൾ' എന്ന കഥയെ അടിസ്ഥാനമാക്കി നിരൂപിക്കുക.

4. വിവരസാങ്കേതികവിദ്യ മനുഷ്യനെ കീഴ്പ്പെടുത്തുന്നതിലുള്ള നിസ്സഹായതയാണ് 'ഓർമ്മച്ചിപ്പ്' എന്ന കഥ പങ്കുവെക്കുന്നത് – ചർച്ച ചെയ്യുക.

**150** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **3** മാർക്ക് വീതം.

5. 'എന്റെ ആദ്യയാത്ര' എന്ന കഥയിൽ കഥാനായകൻ കബളിപ്പിക്കപ്പെടുന്നതെങ്ങനെ എന്ന് വിശദമാക്കുക.

6. 'മരണപത്രക്കേസ്' വിധിപറഞ്ഞപ്പോൾ വലിയ ആശ്ചര്യം ഉണ്ടാവാൻ കാരണമെന്ത് ?

7. 'ദയകൊണ്ട് കഷ്ടപ്പെടുന്നവരും ഈ ലോകത്ത് കുറച്ച് ഉണ്ട്' – ഗോപാലൻ നായരുടെ താടി എന്ന കഥയിൽ ഇതെങ്ങനെ വിശദമാക്കപ്പെടുന്നു ?

P.T.O.

8. സ്ത്രീ ജീവിതത്തിന്റെ സൂക്ഷ്മതലങ്ങളെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥയാണ് 'പരാജിത' – പരിശോധിക്കുക.

9. ഭ്രമാത്മക കല്പനയുടെ അത്ഭുതലോകമാണ് 'ഒരു തോണിയുടെ ആത്മകഥയിൽ നിന്ന്' – ഉപന്യസിക്കുക.

10. സമകാലിക ജീവിതാവസ്ഥയിൽ സ്ത്രീകൾ നേരിടേണ്ടിവരുന്ന പ്രതിസന്ധികളാണ് 'ഒരു വായനശാലാ വിപ്ലവം' – പരിശോധിക്കുക.

100 വാക്കിൽ കവിയാതെ 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 മാർക്ക് വീതം.

11. കുറുപ്പ് കോപ്പനെ കുറ്റവിമുക്തനാക്കുന്നതെങ്ങനെ ?

12. പ്രഭാകരൻ എങ്ങിനെയാണ് ശ്രീദേവിയെ സഹായിച്ചത് ?

13. ഇ. സന്തോഷ് കുമാറിന്റെ കഥയുടെ സമകാലിക പ്രസക്തിയെന്ത് ?

14. ഗ്രാമീണഭാവങ്ങളെ നർമ്മമധുരമായി അവതരിപ്പിക്കാനുള്ള വി. കെ. എന്നിന്റെ കഴിവ് ചുരുക്കി വിവരിക്കുക.

15. മനുഷ്യന്റെ അടങ്ങാത്ത ആത്മാന്വേഷണമാണ് 'കണ്ണാടി കാൺമോളവും' എന്ന കഥ – പരിചയപ്പെടുത്തുക.

16. ജോണിക്കുട്ടിയുടെ ഒരു ദിവസം കെ. വി. സുധാകരൻ ചിത്രീകരിക്കുന്നതെങ്ങിനെ ?

4 ചോദ്യങ്ങൾക്ക് കുറിപ്പുകൾ തയ്യാറാക്കുക. 1½ മാർക്ക് വീതം.

17. വയസ്സുകാലത്ത് തോന്നിയ വിഡ്ഢിത്തമെന്നേയുള്ളു – ആരാണിങ്ങനെ പറയുന്നത്

18. കഥാകൃത്ത് എന്തിനാണ് കൊളമ്പിലേക്ക് പോകുന്നത് ?

19. 'നളിനകാന്തി' എന്ന കഥാനാമത്തിന്റെ ഔചിത്യമെന്ത് ?

20. 'എന്നാൽ ഒരെരുമക്കാരനല്ലേ ഭേദം' – ബാലചന്ദ്രൻ ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?

21. കുഞ്ഞാടും തൊട്ടപ്പനും തമ്മിലുള്ള ആത്മബന്ധത്തിന്റെ കാരണം എന്ത് ?

22. അമ്മയുടെ മെമ്മറി ഫയലുകൾ ആക്സസ് ചെയ്യാൻ ഹരിക്ക് എന്തൊക്കെയാണ് ഉപകാരപ്പെട്ടത് ?